(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*124) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

ശ്രീ. എം.വി. ജയരാജൻ
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ആധുനികവൽക്കരണത്തിനും സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൈത്തറി മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികൾ സർക്കാർ കൈക്കൊണ്ടുവെന്നു വ്യക്തമാക്കുമോ;

(ഡി) ഉയർന്ന ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെ മൽസരം നേരിടാൻ നിലവിൽ എന്തെല്ലാം സംവിധാനം ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സംവിധാനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) 1999-ലെ ഓണം വിപണി ലക്ഷ്യമാക്കി എന്തൊക്കെ പുതിയ തുണിത്തരങ്ങളാണ് മാർക്കറ്റിൽ ഇറക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി)&(സി) സർക്കാർ കൈക്കൊണ്ടതും തുടർന്നുവരുന്നതുമായ പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ തറികളിൽ വരുത്തുന്നതിനുതകുന്ന ഒരു സാങ്കേതിക വിദ്യ സ്വീഡിഷ് സർക്കാരിന്റെ സഹായത്തോടെ സി-ഡിറ്റും കെൽട്രോണും ചേർന്ന് ജക്കാർഡിൽ രൂപകൽപന ചെയ്തിട്ടുണ്ട്. ഹാൻടെക്സ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി കൈത്തറി തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും നൂതനമായ ഡിസൈനുകൾ ചുരുങ്ങിയ സമയം കൊണ്ട് ചെയ്തുതീർക്കുന്നതിനും തൊഴിലാളികൾക്ക് അവസരമൊരുക്കുകവഴി ഈ വ്യവസായരംഗത്ത് വിപ്ലവ

LIBRARY ARCHIVES Kerala Legislative Assembly

കരമായ മാറ്റങ്ങൾക്ക് ഇത് സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

2. കൈത്തറി സംഘങ്ങൾക്ക് കൂടുതൽ ഓഹരിപങ്കാളിത്തം നൽകി അവയുടെ വായ്പാ ശേഷി വർദ്ധിപ്പിക്കുക വഴി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ പ്രവർത്തന മൂലധനം സജ്ജമാക്കുന്നതിന് അവസരമൊരുക്കുന്നു.

3. നെയ്ത്തുകാർക്ക് പണിശാലയും പണിശാലയോടുകൂടിയ വീടും തറിയില്ലാത്തവർക്ക് തറിയും ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നു.

4. നെയ്ത്തു സഹകരണ സംഘങ്ങൾക്ക് പ്രധാന അസംസ്കൃത വസ്തുവായ കഴിനൂൽ, ഹാൻടെക്സ്, ഹാൻവീവ് എറണാകുളം ജില്ലാ സഹകരണ നൂൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴി സബ്സിഡി അനുവദിച്ചു നൽകുന്ന പദ്ധതിയും തുടരുന്നു.

5. മുമ്പ് ഹാൻടെക്സിലും ഹാൻവീവിലും മാത്രം ഒതുങ്ങിനിന്ന പ്രോജക്ട് പാക്കേജ് പദ്ധതി, പ്രാഥമിക സംഘങ്ങൾക്ക് പോലും നേരിട്ടു നടത്താവുന്ന തരത്തിൽ മാറ്റി സംഘങ്ങളുടെ സമൂലമായ പുനരുദ്ധാരണത്തിന് വഴിയൊരുക്കുന്ന പദ്ധതിയും തുടർന്നുവരുന്നു.

6. കയറ്റുമതി പ്രോൽസാഹനാർത്ഥം കയറ്റുമതി നടത്തുന്ന ഉല്പന്നങ്ങളുടെ വിലയുടെ 20 ശതമാനം (പരമാവധി 20 ലക്ഷം രൂപവരെ) ഒരു സംഘത്തിന് ഒരു വർഷം ലഭ്യമാക്കുന്ന പദ്ധതി തുടരുന്നു.

7. ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും തുടരുന്നു.

8. ഹാൻടെക്സ്, ഹാൻവീവ് എന്നിവയുടെ പുനരുദ്ധാരണം, വികസനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ അവയിലെ കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും വിപണന സാദ്ധ്യതയുള്ള പുതിയ ഇനങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും വഴിയൊരുക്കുകയും ചെയ്യുന്നു.

9. ഗുണമേന്മയുള്ള പുതിയ തരം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു.

10. വിപണന മേഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ള റിബേറ്റ്, എം.ഡി.എ. എന്നീ പദ്ധതികളും തുടരുന്നു.

11. എൻ.സി.ഡി.സി പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം, ഗോഡൗൺ നിർമ്മാണം, പ്രവർത്തന മൂലധനം, മാർജിൻമണി എന്നീ ഇനങ്ങൾക്ക് വായ്പാ സഹായം നൽകി വരുന്നു. കൂടാതെ ഹാൻടെക്സിനും ഹാൻവീവിനും വിവിധ പദ്ധതികൾ പ്രകാരം എൻ.സി.ഡി.സി സഹായം ലഭ്യമാക്കിവരുന്നു.

(ഡി) ഗുണമേന്മയുള്ളതും എളുപ്പം വിപണന സാദ്ധ്യതയുള്ളതുമായ സിൽക്ക് പോളിസ്റ്റർ ഇനങ്ങൾ ഉല്പാദിപ്പിക്കാൻ സംവിധാനം ഉണ്ട്. ഇവയുടെ നിർമ്മാണത്തിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാനും സംവിധാനം ഉണ്ട്. കയറ്റുമതി നടത്തുന്നതിന് സാധ്യതയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിന്, കയറ്റുമതി പ്രോൽസാഹന സബ്സിഡി പദ്ധതിവഴി കൂടുതൽ പ്രോൽസാഹനം നൽകുന്നു. കമ്പ്യൂട്ടർ ഡിസൈനുകളുടെ സഹായത്തോടെ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നട

LIBRARY ARCHIVES Kerala Legislative Assembly

ന്നുവരുന്നു. റിബേറ്റ്, എം.ഡി.എ എന്നീ പദ്ധതികൾ പ്രകാരമുള്ള ധനസഹായം വിപണിയിലെ മത്സരം നേരിടാൻ പ്രയോജനപ്രദമാകുന്നു.

(ഇ) ഇപ്പോൾ ഈ സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ വിപുലീകരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

1999-ലെ ഓണ വിപണി ലക്ഷ്യമാക്കി ഹാൻടെക്സ് താഴെ വിവരിക്കുന്ന പുതിയ തുണിത്തരങ്ങൾ കൂടി മാർക്കറ്റിൽ ഇറക്കാൻ ഉദ്ദേശിക്കുന്നു.

1. സുഗന്ധം വിതറുന്ന സാരികൾ
2. 100% കോട്ടൺ -ടൈ-ഡൈ സാരികൾ.
3. സ്റ്റെയിൻ ഗാർഡ് കോട്ടൺ വേഷ്ടികൾ
4. സ്റ്റെയിൻ ഗാർഡ് കോട്ടൺ ബഡ്ഷീറ്റുകൾ

ഹാൻവീവിലും പരമ്പരാഗത ഉല്പന്നങ്ങൾക്ക് പുറമേ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് നിറങ്ങളിലും ഡിസൈനുകളിലും ഉള്ള ഷർട്ടിംഗ്, സ്യൂട്ടിംഗ്, ബെഡ്ഷീറ്റുകൾ, ഫർണിഷിംഗ് ടൗവ്വൽ എന്നീ ഇനങ്ങൾ ഉല്പാദിപ്പിച്ച് വിണനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5 (*125) ഇക്കോ കയർ വില്ലേജുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ കയർ വില്ലേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സംരംഭത്തിന് വേണ്ടി വരുന്ന മുതൽമുടക്ക് എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് നടപ്പാക്കുന്ന ജില്ലകളിലെ നിലവിലുള്ള കയർ യൂണിറ്റുകളെ ഇത് എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ഇ) ഈ സംരംഭത്തിലൂടെ എത്രത്തോളം പുതിയ തൊഴിലവസരം ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(എഫ്)ഈ വില്ലേജുകൾക്ക് ആവശ്യമായി വരുന്ന പഠന ഗവേഷണങ്ങൾക്ക് ഏർപ്പെടുത്തുന്ന സംവിധാനമെന്താണെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ചകിരി, കയർയാൺ, പിത്ത് (ചകിരിച്ചോറ്) എന്നിവ ഉപയോഗിച്ച് വൈവിധ്യമാർന്ന പുതിയ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായയൂണിറ്റുകളുടെ സമുച്ചയം ആണ് എക്കോ കയർ വില്ലേജുകൾ എന്നതു

LIBRARY ARCHIVES Kerala Legislative Assembly